## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1051** **31-01-2024 - ൽ മറുപടിയ്ക്ക്**

### ഏനാമാവ്, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ ഏനാമാവ്, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഏനാമാക്കൽ റെഗുലേറ്ററിന്റെ നവികരണ പ്രവൃത്തികൾക്കായി 732 ലക്ഷം രൂപയുടെ (സിവിൽ, മെക്കാനിക്കൽ ഉൾപ്പെടെ) ഭരണാനുമതി നൽകിയെങ്കിലും ജി.എസ്.ടി യിലും DSORലും വന്ന വർദ്ധനവ് മൂലം ഈ തുക തികയാതെ വന്നതിനെ തുടർന്ന് 859.20 ലക്ഷം രൂപയുടെ (സിവിൽ + മെക്കാനിക്കൽ) പുതുക്കിയ ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾക്കുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഇടിയഞ്ചിറ റെഗുലേറ്ററിന്റെ നവീകരണ പ്രവൃത്തികൾക്കായി 446 ലക്ഷം രൂപയുടെ (സിവിൽ + മെക്കാനിക്കൽ) ഭരണാനുമതി നൽകിയെങ്കിലും ജി.എസ്.ടി യിലും DSOR ലും വന്ന വർദ്ധനവ് മൂലം ഈ തുക തികയാതെ വന്നതിനെ തുടർന്ന് 504 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയുണ്ടായി. ആയതിനെ തുടർന്ന് സിവിൽ പ്രവൃത്തികൾക്കായി 242.00 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തു. ടെണ്ടർ ക്ഷണിച്ചുവെങ്കിലും ആയതിൽ ഏക ടെണ്ടർ ലഭിച്ചതിനെ തുടർന്ന് റീ ടെണ്ടർ ചെയ്തതിൽ നാല് കരാറുകാർ പങ്കെടുക്കുകയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s.സാഫല്യ ഇൻഫ്രാ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡിന് ലെറ്റർ ഓഫ് അക്സപ്റ്റൻസ് നൽകുകയും ചെയ്തു. മെക്കാനിക്കൽ പ്രവൃത്തി ടെണ്ടർ ചെയ്യുകയും കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ള തുമാണ്. |

സെക്ഷൻ ഓഫീസർ